15. രാജധാനി എക്സ്പ്രസ് ബ്രാന്റിംഗ്

16. പുതിയ കൊമേഴ്സ്യൽ ഫിലിമിന്റെ നിർമ്മാണം

17. പാർട്ണർഷിപ് മീറ്റുകൾ

തുടങ്ങിയ പദ്ധതികളും ടൂറിസം വകുപ്പ് നടത്തിവരുന്നു.

(ബി) അനുബന്ധമായി നൽകിയിരിക്കുന്നു*.

(സി) പുതുതായി ഏഴു കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. അവ താഴെപ്പറയുന്നവയാണ്:

1. കാസർഗോഡ് ബീച്ച്

2. ഒട്ടുമ്പ്രം ബീച്ച്, മലപ്പുറം

3. പയ്യാമ്പലം ബീച്ച്, കണ്ണൂർ

4. കിഴുന്ന ബീച്ച്, കണ്ണൂർ

5. ജവഹർ ഘട്ട്, തലശ്ശേരി

6. ചാവക്കാട് ബീച്ച്, തൃശ്ശൂർ

7. കാപ്പിൽ ബീച്ച് തിരുവനന്തപുരം.

(ഡി) കണ്ണൂർ ജില്ലയിൽ കിഴുന്ന/പയ്യാമ്പലം ബീച്ചിൽ പുതുതായി ബീച്ച് ടൂറിസം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) ടെണ്ടർ നടപടികൾ നടന്നുവരുന്നു.

ലോക ടൂറിസം വെബ്സൈറ്റിൽ ഇടം നേടിയ സ്ഥലങ്ങൾ

95(303) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ലോക ടൂറിസത്തിന്റെ വെബ്സൈറ്റിൽ ഇടം നേടിയ എത്ര സ്ഥലങ്ങൾ ഉണ്ട് ; അവ ഏതെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കോഴിക്കോട് ജില്ലയിലെ വടകരയിലുള്ള സാന്റ് ബാങ്കിന് ലോക ടൂറിസത്തിന്റെ വെബ്സൈറ്റിൽ ഇടം ഉണ്ടാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ;

(സി) കേരളത്തിലെ ചെറുതും എന്നാൽ ലോക ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ സാധിക്കുന്നതുമായ സ്ഥലങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ ലോക ടൂറിസത്തിന്റെ വെബ്സൈറ്റിൽ എത്തിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ലോക ടൂറിസത്തിന്റേതായ ഒരു വെബ്സൈറ്റ് നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരളത്തിലെ എല്ലാ ജില്ലകളിലേയും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ സംബന്ധിച്ച വിവരം ടൂറിസം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralatourism.org.-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിനോദസഞ്ചാരികൾക്കുള്ള സുരക്ഷാ നടപടികൾ

96(304) ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം വിനോദ സഞ്ചാര കേന്ദ്രങ്ങളിലാണ് ഏറ്റവും കൂടുതൽ വിദേശ വിനോദ സഞ്ചാരികൾ എത്തിച്ചേരുന്നത്, ഇവിടെ ഇവർക്ക് എന്തെല്ലാം സുരക്ഷാ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാനത്ത് എത്ര വിദേശ ടൂറിസ്റ്റുകൾ എത്തിച്ചേർന്നു ; ഇത് കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് കൂടുതലോ, കുറവോ എന്നു വ്യക്തമാക്കുമോ ;

(സി) ഈ കാലയളവിൽ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വർദ്ധനവ് എത്ര ശതമാനമാണെന്നു വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തേക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് ഈ ഗവൺമെന്റ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദേശവിനോദ സഞ്ചാരികൾ എത്തുന്നത് തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം,കോട്ടയം, ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ വിനോദ സഞ്ചാര കേന്ദ്രങ്ങലിലാണ്. കോവളം, വർക്കല, തിരുവനന്തപുരം സിറ്റി, ആലപ്പുഴ, കുമരകം, തേക്കടി, മൂന്നാർ, വയനാട്, ഫോർട്ട്കൊച്ചി എന്നിവിടങ്ങളാണ് ഏറ്റവും കൂടുതൽ വിദേശവിനോദ സഞ്ചാരികൾ എത്തുന്ന കേന്ദ്രങ്ങൾ .

വിദേശ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എല്ലാം തന്നെ ടൂറിസം

LIBRARY ARCHIVES Kerala Legislative Assembly